"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് – കോടതി വ്യവഹാരം – ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. ജ്യോതിഷ് പ്രസാദ് സി.പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A. (EKM) No.1521/2022 കേസിലെ അന്തിമ ഉത്തരവ് അനുപാലിച്ചുകൊണ്ടു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1846/2026/H&FWD തീയതി,തിരുവനന്തപുരം, 01-06-2026

പരാമർശം:- 1. 08.08.2008-ലെ 46/2008/ധന നമ്പർ സർക്കുലർ.

2. ശ്രീ. ജ്യോതിഷ് പ്രസാദ് സി.പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A. (EKM) 1521/2022 കേസിലെ 04.12.2025-ലെ അന്തിമ ഉത്തരവ്.

3. ശ്രീ. ജ്യോതിഷ് പ്രസാദ് സി.പി. സമർപ്പിച്ച 24.01.2026-ലെ അപേക്ഷ.

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഇ ജി 3/3689/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ തൃശൂർ ജില്ലയിലെ മടക്കത്തറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ജ്യോതിഷ് പ്രസാദ് സി.പി., പ്രസ്തുത നിയമനത്തിന് മുമ്പ് ടിയാൻ ജോലി ചെയ്തിരുന്ന സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ അടിസ്ഥാന ശമ്പളം സംരക്ഷിച്ച് നല്കാതിരുന്നതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A. (EKM) No.1521/2022 കേസിൽ അപേക്ഷകന് വാദം കേൾക്കാൻ അവസരം നൽകിയതിനു ശേഷം എല്ലാ ഉത്തരവുകളും/വിധികളും നിയമാനുസൃതമായി ശ്രദ്ധിച്ചതിനു ശേഷവും കേസ് പുനഃപരിശോധിക്കാനും ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഉത്തരവുകൾ പുറപ്പെടുവിക്കാനും ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് പരാമർശം (1) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

**2.** ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ വിധി അനുപാലിക്കുന്നതിന്റെ ഭാഗമായി അപേക്ഷകനെ നേരിൽ കേട്ടിരുന്നു. സിവിൽ പോലീസ് ഓഫീസർ ആയി **09.10.2010** തീയതി സർവീസിൽ പ്രവേശിച്ച ശ്രീ ജ്യോതിഷ് പ്രസാദ് സി.പി. ജോലിയിൽ പ്രവേശിക്കുന്ന വേളയിൽ ടി തസ്തികയുടെ ശമ്പള സ്കെയിൽ **6080-9830** ആയിരുന്നുവെന്നും ആയത് പിന്നീടു ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി **22,200-48,000** സ്കെയിൽ ആയി മാറുകയും ചെയ്തിട്ടുള്ളതാണ് എന്ന് വാദിച്ചു. **09.10.2018** തീയതി ടി തസ്തികയിൽ **27800-59400** സ്കെയിലിൽ ടിയാൾക്കു ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിരുന്നു. തുടർന്ന് പി.എസ്.സി. വഴി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **2** ആയി തൃശൂർ ജില്ലയിൽ നിയമനം ലഭിച്ചു. പ്രസ്തുത തസ്തികയിൽ അന്ന് നിലവിലുള്ള ശമ്പള സ്കെയിൽ **22,200-48000** ആയിരുന്നു. ആയതു ഹയർ ഗ്രേഡ് ലഭിച്ചതിനെ തുടർന്ന് ടിയാൻ നിലവിൽ അനുഭവിച്ചു വന്നിരുന്ന സ്കെയിലിനേക്കാൾ കുറവായിരുന്നതിനാൽ ടിയാൾക്കു ശമ്പളം സംരക്ഷിച്ചു കിട്ടാതെയിരിക്കുകയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **2** തസ്തികയുടെ അടിസ്ഥാന ശമ്പളം മാത്രം ടിയാന് അനുവദിക്കുകയും ചെയ്തു. ആയതു തെറ്റായ നടപടിയാണെന്നും **KSR Part I Rule 37(b)** അടിസ്ഥാനത്തിൽ ഉള്ള ഈ നടപടി തന്റെ കേസിൽ ബാധകമല്ല എന്നും ആയതു പുറപ്പെടുവിക്കാനുണ്ടായ കാരണം ടി ചട്ടത്തിന്റെ വിശദീകരണ കുറിപ്പിൽ രേഖപെടുത്തിയിട്ടുണ്ടെന്നും ടിയാൻ വാദിച്ചു.

**3.** ഹയർ പോസ്റ്റിൽ നിന്നും ലോവർ പോസ്റ്റിലേക്കുള്ള ജീവനക്കാരുടെ കൊഴിഞ്ഞുപോക്കു തടയുന്നതിന് വേണ്ടിയാണ് ടി ചട്ടം നിലവിൽ വരുത്തിയതെന്നും ടിയാന്റെ കേസിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന സിവിൽ പോലീസ് ഓഫീസർ തസ്തികയുടെയും തുടർന്ന് നിയമനം നേടിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **2** തസ്തികയുടെയും ശമ്പള സ്കെയിൽ ഒന്ന് തന്നെയായിരുന്നുവെന്നും തനിക്കു ലഭിച്ചത് സേവനത്തിൽ പ്രവേശിച്ച ശേഷം **8** വർഷം പൂർത്തിയാക്കിയതിനെ തുടർന്ന് ലഭ്യമായ സമയബന്ധിത ഹയർ ഗ്രേഡ് മാത്രമാണെന്നും ആയതിനെ കേഡർ പ്രൊമോഷൻ ആയോ ഉയർന്ന പോസ്റ്റ് ആയോ പരിഗണിക്കാൻ സാധിക്കില്ലായെന്നും ആയതിനാൽ മേൽ ചട്ടം തനിക്കു ബധകമല്ലയെന്നും ടിയാൻ അവകാശപ്പെട്ടു. **2007** ൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പഠിച്ച ടിയാൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആവാൻ വേണ്ടി കാത്തിരുന്നുവെന്നും ടി കാലയളവിൽ ഉപജീവനത്തിനായി പോലീസിൽ ജോലിക്കു ചേർന്നതെന്നും അപേക്ഷ ക്ഷണിച്ചു നിയമനം ലഭിക്കുന്നത് വരെ നീണ്ട കാത്തിരിപ്പുണ്ടായെന്നും ടി കാലയളവിലാണ് ഹയർ ഗ്രേഡ് ലഭിച്ചതെന്നും ചൂണ്ടിക്കാട്ടി. ആയതു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തനിക്കു ലഭിച്ചു പോന്നിരുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറച്ച നടപടിയെ ആണ് ടിയാൻ ചോദ്യം ചെയ്തത്. തന്റെ വാദങ്ങൾക്കു പിൻബലമായി ബഹു. ട്രിബ്യുണലിലെ **O.A. No 1215/2016** കേസിലെ വിധിയും ആയതിന്മേൽ സമർപ്പിച്ച **O.P (KAT) No. 61/2020** കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിയും പാരമർശിച്ചു. പ്രസ്തുത കേസിലെ അപേക്ഷകന്റെ ആവശ്യം തനിക്കു സമാനമായതിനാൽ ടി വിധിയുടെ ആനുകൂല്യം തനിക്കും

ലഭ്യമാക്കണം എന്നും ആവശ്യപ്പെടുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 8 വർഷത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിരുന്നതിനാൽ ടിയാന്റെ ശമ്പള സ്കെയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയക്കാൾ ഉയർന്നതായി മാറിയതായും ഉയർന്ന ശമ്പള സ്കെയിലിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലേക്ക് സ്വന്തം ഇഷ്ടപ്രകാരം പി.എസ്.സി. മുഖാന്തിരം ജോലിയിൽ പ്രവേശിക്കുമ്പോൾ ശമ്പളം സംരക്ഷിച്ചു നൽകാൻ വ്യവസ്ഥയില്ല എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഒരു നിശ്ചിത തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരൻ ടി തസ്തികയിൽ നിശ്ചിത സേവനകാലം പൂർത്തിയാക്കുകയും തൊട്ടടുത്ത പ്രൊമോഷൻ തസ്തികയിലേയ്ക്ക് വേണ്ട യോഗ്യതകൾ കൈവരിക്കുകയും ചെയ്തിട്ടും പ്രൊമോഷൻ ലഭ്യമാകാതെ വരുമ്പോൾ, ടിയാൾക്ക് അനുവദിക്കപ്പെടുന്ന സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ ആനുകൂല്യത്തിലൂടെ ടി പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലും കെ.എസ്.ആർ. ഭാഗം I ചട്ടം 28 എ ഫിക്സേഷനും ലഭ്യമാകുന്നു. അതിനാലാണ് ടി ജീവനക്കാരന് പിന്നീട് പ്രൊമോഷൻ ലഭ്യമാകുമ്പോൾ ടി തസ്തികയുടെ ഡെസിഗ്നേഷൻ മാത്രം അനുവദിച്ചുകൊണ്ട് അയാളുടെ ശമ്പളം കെ.എസ്.ആർ. ഭാഗം I ചട്ടം 30 പ്രകാരം നിലനിർത്തുന്നത്. കൂടാതെ സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ ആനുകൂല്യം കൈപ്പറ്റുന്ന അവസരത്തിൽ പരാമർശം (1) സർക്കുലറിലെ ഖണ്ഡിക 11 പ്രകാരം ഒരു ജീവനക്കാരൻ ഭാവിയിൽ തനിക്ക് അനുവദിക്കപ്പെടുന്ന പ്രൊമോഷൻ ആനുകൂല്യം നിരസിക്കുകയില്ല എന്ന സത്യപ്രസ്താവന ഹാജരാക്കേണ്ടതുണ്ട്. ഇതിൽ നിന്നും പ്രൊമോഷനു തുല്യമായി ലഭിക്കുന്ന ആനുകൂല്യമാണ് സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ എന്ന് വ്യക്തമാണ്. 09.10.2010-ൽ സിവിൽ പോലീസ് ഓഫീസറായി സർവീസിൽ പ്രവേശിച്ച ശ്രീ.ജ്യോതിഷ് പ്രസാദ് സി.പി.-യ്ക്ക് ടി 8 വർഷ സേവനകാലം പൂർത്തിയാക്കിയ 09.10.2018-നുള്ളിൽ പ്രൊമോഷൻ ലഭ്യമായില്ലെങ്കിലും സമയബന്ധിത ഹയർഗ്രേഡ് ലഭ്യമായതിലൂടെ ടിയാൾക്ക് സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ (22200-48000) തൊട്ടടുത്ത പ്രൊമോഷൻ തസ്തികയായ സീനിയർ സിവിൽ പോലീസ് ഓഫീസറുടെ ശമ്പള സ്കെയിലും (27800-59400) ശമ്പളാനുകൂല്യങ്ങളും മറ്റും ലഭ്യമാകുകയും അതുവഴി ടിയാന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (22200-48000) ആയി ജോലിയിൽ പ്രവേശിച്ച തീയതിക്കു (04.09.2019) തൊട്ടു മുൻപു വരെ പ്രൊമോഷന്റെ ശമ്പളാനുകൂല്യങ്ങൾ അനുഭവിക്കാൻ സാധിക്കുകയും ചെയ്തു. ആയതിനാൽ ഒരു തസ്തികയുടെ സമയബന്ധിത ഹയർഗ്രേഡ് സ്കെയിലിൽ നിന്ന് പി.എസ്.സി. വഴി പുതിയ തസ്തികയുടെ ശമ്പള സ്കെയിലിൽ പ്രവേശിക്കുമ്പോൾ കേരള സർവീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 37 (ബി)യുടെ അടിസ്ഥാനത്തിൽ ഉള്ള നടപടി ബാധകമല്ല എന്ന അപേക്ഷന്റെ വാദം അംഗീകരിക്കാവുന്നതല്ല.

5. സിവിൽ പോലീസ് ഓഫീസറായി 09.10.2010-ൽ സർവീസിൽ പ്രവേശിച്ച

അപേക്ഷകൻ എട്ടു വർഷത്തെ സേവനത്തിന് ശേഷം **09.10.2018**-ൽ സമയബന്ധിത ഹയർ ഗ്രേഡ് **(Scale 27800-59400)** ലഭിച്ചതിനു ശേഷം പി.എസ്.സി. വഴി **04.09.2019**-ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **2 (22200-48000)** ആയി നിയമിതനായി. ടിയാന്റെ നിയമനം ഉയർന്ന തസ്തികയിൽ നിന്നും താഴ്ന്ന തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനമായതിനാൽ കെ.എസ്.ആർ. ഭാഗം **I** ചട്ടം **37(b)** പ്രകാരം പുതിയ തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന് മാത്രമേ അർഹതയുള്ളൂ.

**6.** മേൽ സാഹചര്യത്തിൽ ശ്രീ ജ്യോതിഷ് പ്രസാദ് സി.പി.-യുടെ ആവശ്യം നിരസിച്ചു കൊണ്ട് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **O.A. (EKM) 1521/2022** നമ്പർ കേസിലെ **04.12.2025**-ലെ അന്തിമ ഉത്തരവ് അനുപാലനം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം )

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. ജ്യോതിഷ് പ്രസാദ് സി.പി., ജ്യോതി നിവാസ്, അരുമാനൂർ, പൂവാർ പി.ഒ., തിരുവനന്തപുരം. - **695525.**

ധനകാര്യ വകുപ്പ് (നം. **3423685/HLT-B2/47/2026-FIN** തീയതി **21.03.2026** പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / കാര്യാലയ പകർപ്പ് **(C2/272/2022-HEALTH)**

Signed by
ഉത്തരവിൻ പ്രകാരം,
Rekha Johnson
Date: 01-06-2026 16:54:01

സെക്ഷൻ ഓഫീസർ